തന്റെ വസ്ത്രം അഹങ്കാരത്തോടെ വലിച്ചിഴച്ചവനെ അല്ലാഹു (കാരുണ്യത്തോടെ) നോക്കുന്നതല്ല

അബ്ദുല്ലാഹി ഇബ്നു ഉമർ -رَضِيَ اللَّهُ عَنْهُمَا- നിവേദനം: നബി -ﷺ- പറഞ്ഞു: "തന്റെ വസ്ത്രം അഹങ്കാരത്തോടെ വലിച്ചിഴച്ചവനെ അല്ലാഹു (കാരുണ്യത്തോടെ) നോക്കുന്നതല്ല ."
[صحيح] [متفق عليه]

അഹങ്കാരത്തോടെയും താൻപോരിമയോടെയും വസ്ത്രവും മുണ്ടും നെരിയാണിക്ക് താഴേക്ക് ഇറക്കുന്നതിൽ നിന്ന് നബി (ﷺ) താക്കീത് നൽകുന്നു. ഈ പ്രവൃത്തി ചെയ്യുന്നവർക്ക് കഠിനമായ താക്കീതാണ് അവിടുന്ന് നൽകിയത്; അല്ലാഹു അന്ത്യനാളിൽ അവനെ കാരുണ്യത്തോടെ നോക്കുന്നതല്ല എന്നതാണത്.

http://www.sunnah.global/hadeeth/ml/show/5370